## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5216 — 15.11.2019 ൽ മറുപടിക്ക്

## കക്കാട് മിനിസ്റ്റേഡിയം നിർമ്മാണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.എം.ഷാജി** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | 17.10.2018-ന് കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഭൂമി കൈമാറിയ അപേക്ഷയുടെ കോപ്പി ഒപ്പിട്ട് റവന്യൂ വകുപ്പിന് നൽകുന്നതിനായി കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് എം.എൽ.എ. നൽകിയ 25/KM2018(1) നമ്പർ കത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബഹു. എം.എൽ.എ. യുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിഷയം കോർപ്പറേഷൻ കൗൺസിൽ മുമ്പാകെ സമർപ്പിക്കുകയും കൗൺസിലിന്റെ 30/01/2019 -ലെ 14-ാം നമ്പർ തീരുമാനപ്രകാരം ഭൂമി കോർപ്പറേഷനിൽ നിക്ഷിപ്തമാകയാൽ ടൗൺ സർവ്വെയർ പുഴ പുറമ്പോക്കാണെന്ന് റിപ്പോർട്ട് ചെയ്ത റീ സർവ്വെ നമ്പർ 199 -ൽ പ്പെട്ട ഭൂമിയിൽ കക്കാട് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് PWD ബിൽഡിംഗ്സ് വിഭാഗത്തിന് അനുമതി നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 6-4-2019 -ന് കൗൺസിൽ തീരുമാനത്തിന്റെ പകർപ്പും പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അറിയിപ്പും PWD ബിൽഡിംഗ് വിഭാഗത്തിന് നൽകിയിട്ടുണ്ട് എന്ന് കണ്ണൂർ നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത അപേക്ഷ റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് പറയാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | അപേക്ഷ റവന്യൂ വകുപ്പിന് കൈമാറിയിട്ടില്ല. |
| സി) | ഇത് സംബന്ധിച്ച് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | ബാധകമല്ല . |

സെക്ഷൻ ഓഫീസർ